# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1099 — 14.06.2012 ൽ -മറുപടിക്ക്

## അനർഹമായ ബി.പി.എൽ. റേഷൻ കാർഡ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ബി.പി.എൽ. റേഷൻ കാർഡ് കൈവശം വച്ചിട്ടുള്ള സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ; | (എ) | റേഷൻകാർഡ് നൽകുന്ന സമയത്ത് കാർഡ് നൽകിയിരുന്ന സത്യപ്രസ്താവനയിൽ രേഖപ്പെടുത്തിയിരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബി.പി.എൽ റേഷൻ കാർഡ് കൈവശം വച്ചിട്ടുള്ള 23349 സർക്കാർ/ അർദ്ധ സർക്കാർ ജീവനക്കാരുണ്ടായിരുന്നതായിട്ടാണ് കണക്കാക്കിയിരുന്നത്. |
| (ബി) | സർക്കാർ അനുവദിച്ച നിശ്ചിത കാലയളവിനുള്ളിൽ എത്ര ജീവനക്കാർ ബി.പി.എൽ. കാർഡുകൾ സറണ്ടർ ചെയ്തുവെന്ന് അറിയിക്കുമോ ; | (ബി) | ഇതേവരെ 29211 സർക്കാർ ജീവനക്കാർ ഉൾപ്പെട്ട ബി.പി.എൽ. കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് അർഹരായ മുഴുവൻ അപേക്ഷകർക്കും ബി.പി.എൽ. കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | എ.പി.എല്ലിൽ നിന്നും ബി.പി.എല്ലിലേക്ക് മാറ്റി റേഷൻ കാർഡുകൾ വിതരണം ചെയ്യണമെന്ന അപേക്ഷകൾ പുതിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ച് അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ ലഭ്യമാക്കാനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കികൊണ്ട് ജി.ഒ.(എം.എസ്)നം.38/11/ഭ.സി.സ.വ തീയതി 05.11.11 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ